**KERALA STATE ELECTRICITY BOARD LTD.**

(Incorporated under the Indian Companies Act, 1956)
CIN : U40100KL2011SGC027424
Office of the Chief Engineer (HRM),
Vydyuthi Bhavanam, Pattom, Thiruvananthapuram, Kerala - 695004.
Phone No. 0471 2448948, FAX No.0471 2441361
Web: www.kseb.in e-mail: cehrm@kseb.in

**No. EB8/Gradation-Genl/2025/2** **23-08-2025**

KSEB ലിമിറ്റഡിലെ എല്ലാ ARU മേധാവികൾക്കുമുള്ള കുറിപ്പ്.

**വിഷയം: ഗ്രഡേഷൻ ലിസ്റ്റിൽ യോഗ്യതകൾ ചേർക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ- സംബന്ധിച്ച്:**

പല ഫീൽഡ് ഓഫീസുകളും ജീവനക്കാരുടെ സർവ്വീസ് ബുക്കുകളിലേക്കുള്ള യോഗ്യതാ വിവരങ്ങളുടെ രേഖപ്പെടുത്തലിന് അക്കാദമിക് അതോറിറ്റികൾ നൽകുന്ന പ്രൊവിഷണൽ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ അപേക്ഷകൾ അയയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഒരു പ്രൊവിഷണൽ സർട്ടിഫിക്കറ്റ് സാധാരണയായി ആറ് മാസം അല്ലെങ്കിൽ അതിന് ശേഷം അസലായ ബിരുദ സർട്ടിഫിക്കറ്റ് ലഭിക്കുന്നതുവരെ, ഏതാണോ ആദ്യം, അതുവരെ മാത്രം ബാധകമായിട്ടുള്ളതാണ്. സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുന്ന സ്ഥാപനത്തിന്റെ അടിസ്ഥാനത്തിൽ ഈ കാലാവധി യിൽ ചെറിയ മാറ്റങ്ങൾ ഉണ്ടായാലും ഈ സർട്ടിഫിക്കറ്റുകൾ സാധാരണയായി താൽക്കാലികമായി ചില നിർദ്ദിഷ്ട ആവശ്യങ്ങൾക്കായി ഉപയോഗിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, അസൽ സർട്ടിഫിക്കറ്റ് , സർവ്വീസ് ബുക്ക് എന്നിവ ഈ ആവശ്യത്തിനായി ഒന്നിലേറെ തവണ അയയ്ക്കേണ്ടിവരുന്നതും, സർവ്വീസ് ബുക്കിൽ ഒരേ യോഗ്യത രണ്ടു തവണ രേഖപ്പെടുത്തുന്നതും അധികമായി മാനവശക്തിയും സമയവും ഉപയോഗിക്കേണ്ട കാര്യമായതിനാലും അധിക സാമ്പത്തിക ചെലവ് നിയന്ത്രിക്കേണ്ടതിനാലും എല്ലാ ഫീൽഡ് ഓഫിസുകളും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്:

1. പ്രൊവിഷണൽ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ മാത്രം യോഗ്യത രേഖപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ അയയ്ക്കരുത് .
2. ജീവനക്കാരെ അവർ നേടിയ യോഗ്യതയുടെ അസൽ സർട്ടിഫിക്കറ്റ് ലഭിച്ച ശേഷം അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശിക്കേണ്ടതാണ്.
3. അസ്സൽ സർട്ടിഫിക്കറ്റ് ലഭിക്കുവാൻ കാലതാമസം നേരിടുകയും ഈ കാലയളവിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി യോഗ്യത രേഖപ്പെടുത്തേണ്ട അടിയന്തിര സാഹചര്യം ഉണ്ടായാൽ മാത്രം പ്രൊവിഷണൽ സർട്ടിഫിക്കറ്റ് സ്വീകരിക്കാവുന്നതാണ്.

Sd-

ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.)